<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്</u>

(സാന്നിധ്യം. ജീവൻ ബാബു കെ , ഐ എ എസ് )

വിഷയം :- പൊതുവിദ്യാഭ്യാസം – PM Poshan (ഉച്ചഭക്ഷണ പദ്ധതി) – 2022 ജൂൺ, ജൂലൈ മാസങ്ങളിലെ പാചകചെലവിനത്തിലെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 06.09.2016 തീയതിയിലെ G.O(Rt)No.2911/2016/GEDN നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ എൻ.എം.എ(3)/10531/2022/ഡി.ജി.ഇ തീയതി : 01/08/2022</u>

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ റിക്കറിംഗ് വിഭാഗത്തിലെ പാചകചെലവിനായി സംസ്ഥാന സർക്കാറിന്റെ മാർഗ്ഗനിർദേശങ്ങൾ പ്രകാരം ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിന് 8 രൂപയും 150 മുതൽ 500 വരെ കുട്ടിയൊന്നിന് 7 രൂപ വീതവും 500 ന് മുകളിലുള്ള കുട്ടിയൊന്നിന് 6 രൂപ വീതവുമാണ് അനുവദിക്കുന്നത്.സംസ്ഥാന സർക്കാറിന്റെ മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി 2022 ജൂൺ, ജൂലൈ മാസങ്ങളിലെ പാചകചെലവിനത്തിൽ (42 ദിവസത്തേക്ക്) 87,66,44,664/- (എൺപത്തിയേഴ് കോടി അറുപത്തിയാറ് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2022 ജൂൺ , ജൂലൈ മാസങ്ങളിലെ മാസത്തെ പാചകചെലവിനത്തിൽ (22 ദിവസത്തേക്ക്) 87,66,44,664/- (എൺപത്തിയേഴ് കോടി അറുപത്തിയാറ് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) രൂപ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ നിന്നും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചുവടെയുള്ള പട്ടിക പ്രകാരമുള്ള തുക Cooking Cost എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലിമിറ്റായി ഫിക്സ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ ഈ കാര്യാലയത്തിലെ ഡാറ്റ ഓപ്പറേറ്റർ ഡാറ്റ അപ്പ്രൂവർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

| SL NO | DISTRICT | Amount |
|---|---|---|
| 1 | THIRUVANANTHAPURAM | 68355966 |
| 2 | KOLLAM | 54447246 |
| 3 | PATHANAMTHITTA | 18409818 |
| 4 | ALAPPUZHA | 41437746 |
| 5 | KOTTAYAM | 36437982 |
| 6 | IDUKKI | 24596922 |
| 7 | ERNAKULAM | 58487772 |
| 8 | THRISSUR | 71860824 |
| 9 | PALAKKAD | 81899412 |
| 10 | MALAPPURAM | 179225130 |

| | | |
|---|---|---|
| 11 | KOZHIKODE | 93521820 |
| 12 | WAYANAD | 27024312 |
| 13 | KANNUR | 77077854 |
| 14 | KASARGOD | 43861860 |
| TOTAL | | 876644664 |

വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടിക പ്രകാരമുള്ള തുകകൾ അതാത് ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് Expenditure Limit , Transfer Limit എന്നിങ്ങനെ വേർതിരിച്ച് ഫിക്സ് ചെയ്ത് നൽകേണ്ടതാണ്. ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടിക പ്രകാരമുള്ള തുക Expenditure Limit ആയി സ്കൂളുകൾക്ക് ഫിക്സ് ചെയ്ത് നൽകേണ്ടതാണ്.2022 ജൂൺ ജൂലൈ മാസം പദ്ധതി നടത്തിപ്പിനായി അഡ്വാൻസ് ചെയ്ത തുക PFMS മുഖേന വെണ്ടർമാർക്ക് ലഭ്യമാക്കാനുള്ള നടപടികൾ പ്രധാനദ്ധ്യാപകർ സ്വീകരിക്കേണ്ടതാണ്.

ഈ ചെലവിനം ഉച്ചഭക്ഷണ പദ്ധതിയുടെ Cooking Cost എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

Signature Not Verified
Digitally signed by
JEEVAN BABU K IAS
Date: 2022.08.01
17:54:46 IST
Reason: Approved

ജീവൻ ബാബു കെ , ഐ എ എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ